ഭരണഭാഷ – മാതൃഭാഷ

ICDS/A2-8806/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി :28/07/2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ CDPO മാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - ഐസിഡിഎസ് - Campaign- 12- അനീമിയ ബോധവൽക്കരണം - ആഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന: സിവിൽ സപ്ലൈസ് MD യുമായി വനിത ശിശു വികസന ഡയറക്ടർ 27/07/2021 തീയതിയിൽ നടത്തിയ ഫോൺ സംഭാഷണം

വിളർച്ച അഥവാ അനീമിയ നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ സമൂഹത്തിലെ വിവിധ മേഖലകളിലുള്ള ആളുകളിൽ അനീമിയ സംബന്ധിച്ചുള്ള ബോധവൽക്കരണങ്ങൾക്കായി ക്യാംപെയിൻ 12 എന്ന പരിപാടി വകുപ്പ് മുഖേന നടത്തി വരുന്നുണ്ട്. പ്രസ്തുത ക്യാംപെയിൻ 12 ന്റെ പ്രചരണത്തിന്റെ ഭാഗമായി ആഗസ്റ്റ് മാസത്തെ പരിപാടികൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് വഴി വിതരണം ചെയ്യുന്ന ഓണകിറ്റുകളിൽ ക്യാംപെയിൻ 12 സംബന്ധിച്ച സന്ദേശം ഉൾക്കൊള്ളുന്ന സീൽ പതിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുവഴി 85 ലക്ഷത്തോളം കുടുംബങ്ങളിൽ അനീമിയ ബോധവൽക്കരണം നടത്തുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

ഇപ്രകാരം ആഗസ്റ്റ് മാസത്തെ ക്യാംപെയിൻ 12 പരിപാടി സംഘടിപ്പിക്കുന്നതിനായി അവലംബിക്കേണ്ട ഫീൽഡ് തല പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**ജില്ലാതലം**

→ പ്രോഗ്രാം ഓഫീസർമാർ ജില്ലകളിലെ സിവിൽ സപ്ലൈസ് ഡിപ്പോകളിലെ മാനേജർമാരെ സന്ദർശിച്ച് വകുപ്പ് നടപ്പിലാക്കുന്ന ക്യാപെയിൻ 12 പദ്ധതി സംബന്ധിച്ചും ടി പരിപാടി നടപ്പിലാക്കുന്നതിന്റെ ഉദ്ദേശ്യം സംബന്ധിച്ചും വിശദീകരിക്കേണ്ടതും ഭക്ഷ്യകിറ്റുകളുടെ പായ്ക്കിങ്ങിനായുള്ള തുണി സഞ്ചികൾ അങ്കണവാടി പ്രവർത്തകർക്ക് സീൽ ചെയ്യുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് അഭ്യർത്ഥിക്കേണ്ടതുമാണ്.

→ സിവിൽ സപ്ലൈസിന്റെ ഡിപ്പോകൾ ഉൾപ്പെടുന്ന ICDS പ്രോജക്ടുകളിലെ സിഡിപിഒമാരെ കൂടാതെ മറ്റ് സിഡിപിഒമാരുടെ സേവനംകൂടി ഇതിലേയ്ക്കായി പ്രയോജനപ്പെടുത്തി മേൽനോട്ട ചുമതല പ്രോഗ്രാം ഓഫീസർമാർ ക്രമീകരിച്ചുനൽകേണ്ടതാണ്.

→ ഡിപ്പോകളിൽ എത്തി സീലിംഗ് നടത്തുന്നതിനായി അങ്കണവാടി പ്രവർത്തകരെ 5 പേർ വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് (ഷിഫ്റ്റടിസ്ഥാനത്തിൽ ആക്കുന്നത് ഉചിതം) ചുമതല ക്രമീകരണം നടത്തുന്നതിനായുള്ള നിർദ്ദേശം സിഡിപിഒമാർക്ക് നൽകേണ്ടതും ഇപ്രകാരം ഗ്രൂപ്പുകളാക്കുന്ന അങ്കണവാടി പ്രവർത്തകരുടെ പേര് വിവരം മുൻകൂട്ടി ലിസ്റ്റാക്കി ഡിപ്പോ മാനേജർക്കും നൽകേണ്ടതാണ്. കിറ്റ് വിതരണം തുടങ്ങുന്നതിന് മുന്നോടിയായിതന്നെ സീൽ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതാണ് . ടി പ്രവർത്തികളുടെ മേൽനോട്ടത്തിനായി സൂപ്പർവൈസർമാരേയും ഡിപ്പോകളിൽ പ്രോഗ്രാം ഓഫീസർമാർ ചുമതലപ്പെടുത്തേണ്ടതുമാണ്.

**പ്രോജക്ടുതലം**

→ സീലിംഗിനായി സിവിൽ സപ്ലൈസിന്റെ ഡിപ്പോകളിൽ ഓരോ ദിവസവും എത്തിച്ചേരുന്നതിനായുള്ള അങ്കണവാടി പ്രവർത്തകരെ 5 പേർ വീതമുള്ള ഗ്രൂപ്പായി തിരിച്ച് ബന്ധപ്പെട്ട ഒരു സൂപ്പർവൈസറെ മേൽനോട്ട ആഫീസറായി നിശ്ചയിച്ച് ചുമതല ക്രമീകരിച്ചു നൽകേണ്ടതും ഇപ്രകാരം തെരഞ്ഞെടുക്കുന്നവരുടെ പേര് വിവരം ലിസ്റ്റാക്കി ബന്ധപ്പെട്ട PO മാർക്ക് നൽകേണ്ടതുമാണ്.

→ ഡിപ്പോകളിൽ സീലിംഗിനായി ഷിഫ്റ്റടിസ്ഥാനത്തിൽ എത്തിച്ചേരുന്നതിന് അങ്കണവാടി പ്രവർത്തകരുടെ ഗ്രൂപ്പുകൾക്ക് ഡിപ്പോ മാനേജരുമായി ആലോചിച്ചു സമയം നിശ്ചയിച്ചു നൽകേണ്ടതാണ്.

- ഗ്രൂപ്പുകളായി തിരിച്ച് സീലിംഗിന് നിയോഗിച്ചിട്ടുള്ള അങ്കണവാടി പ്രവർത്തകർ സമയക്രമം പാലിച്ച് പരമാവധി പായ്ക്കിംഗ് സഞ്ചികളിൽ സീൽ പതിക്കുന്നുണ്ടെന്ന് സിഡിപിഒമാരും മേൽനോട്ട ചുമതല വഹിക്കുന്ന സൂപ്പർവൈസർമാരും ഉറപ്പുവരുത്തേണ്ടതാണ്.
- ഇതോടൊപ്പം ലഭ്യമാക്കുന്ന നിശ്ചിത മാതൃകയിലുള്ള സീലുകൾ 10 എണ്ണം ബന്ധപ്പെട്ട CDPO മാർ തയ്യാറാക്കേണ്ടതും ആവശ്യമായ സീൽ പാഡ് (വലുത്) സീൽ ഇങ്ക് എന്നിവയും വാങ്ങി സീലിംഗിനായി നിയോഗിച്ചിട്ടുള്ള അങ്കണവാടി പ്രവർത്തകർക്ക് നൽകേണ്ടതാണ്.

**പൊതു നിർദ്ദേശം**

- ഒരു ഡിപ്പോയക്ക് 10 വീതം സീലുകൾ നൽകുന്നതായിരിക്കും. അതിന്റെ മാതൃക ഇതോടൊപ്പം ലഭ്യമാക്കുന്നു.
- സീലിംഗിനായി നിയോഗിയ്ക്കുന്ന അങ്കണവാടി പ്രവർത്തകർ യൂണിഫോമും തിരിച്ചറിയൽ രേഖയും സഹിതം ആകണം ഡിപ്പോകളിൽ എത്തേണ്ടത്.
- സീലിംഗുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും കോവിഡ് മാനദണ്ഡം അനുസരിച്ച് മാത്രമാണ് നടത്തേണ്ടത്.
- ഓരോ ഡിപ്പോയിലും സീലു ചെയ്ത സഞ്ചികളുടെ എണ്ണം ഓരോ ദിവസത്തേയും മേൽനോട്ട ചുമതലയുള്ള സൂപ്പർവൈസർമാർ ശേഖരിച്ച് സിഡിപിഒ മുഖാന്തിരം പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതാണ്. പ്രോഗ്രാം ഓഫീസർമാർ ആയത് ക്രോഡീകരിച്ച് ലിസ്റ്റാക്കി ആകെ എണ്ണം ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.
- ഓണകിറ്റ് വിതരണത്തിനുള്ള തുണി സഞ്ചികളെല്ലാം സീൽ ചെയ്ത് തീരുന്നതുവരെ ടി നടപടികൾ തുടരേണ്ടതാണ്.
- സീൽ ചെയ്യുന്ന ഡിപ്പോകളുടെ പ്രവർത്തന സമയംവരെ സീലിംഗിനായി അങ്കണവാടി പ്രവർത്തകരെ നിയോഗിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി
**SOPHY JACOB**
**PEN 457974**
**Assistant Director**
**Women and Child Development Department**
**Thiruvananthapuram - 695 012**

# വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

## (സാന്നിദ്ധ്യം : അനുപമ T.V IAS)

വിഷയം : വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അനീമിയ പ്രതിരോധ പ്രവർത്തനങ്ങള് - ക്യാംപെയിൻ 12 പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

**ഉത്തരവ് നമ്പർ ICDS/A2-2250/21 തീയതി: 28.07.2021**

വിളർച്ച അഥവാ അനീമിയ നിർമാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ സമൂഹത്തിലെ വിവിധ മേഖലകളിലുള്ള ആളുകളിൽ അനീമിയ സംബന്ധിച്ചുള്ള ബോധവൽക്കരണങ്ങൾക്കായി എല്ലാ മാസവും ക്യാംപെയിൻ 12 എന്ന പരിപാടി വകുപ്പ് മുഖേന നടത്തി വരുന്നുണ്ട്. പ്രസ്തുത ക്യാംപെയിൻ 12 ന്റെ പ്രചരണത്തിന്റെ ഭാഗമായി ആഗസ്റ്റ് മാസത്തെ പരിപാടികൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യ സിവില് സപ്ലൈസ് വകുപ്പ് വഴി വിതരണം ചെയ്യുന്ന ഓണ കിറ്റുകളിൽ ക്യാംപെയിന് 12 സംബന്ധിച്ച സന്ദേശം ഉൾകൊള്ളുന്ന സീല് പതിപ്പിക്കുന്നതിലൂടെ 85 ലക്ഷത്തോളം കുടുംബങ്ങളിൽ അനീമിയ ബോധവൽക്കരണം നടത്തുകയാണ് ഇതിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്.

ജില്ലകളിലെ സിവിൽ സപ്ലൈസ് ഡിപ്പോകളില് അങ്കണവാടി പ്രവർത്തകരെ എത്തിച്ച് സീൽ ചെയ്യുന്ന പ്രവർത്തനങ്ങൾക്കായി അനുവദിച്ച് നൽകുന്ന തുക ചുവടെ ചേർക്കും പ്രകാരം ക്രമീകരിച്ച് ചെലവഴിക്കേണ്ടതാണ്. (10,000/-രൂപയിൽ നിജപ്പെടുത്തി ചെലവ് ക്രമീകരിക്കേണ്ടതാണ്)

| | | |
|---|---|---|
| സീൽ നിർമാമാണ ചാർജ്ജ് (10 എണ്ണത്തിന്) | - | 5000 രൂപ |
| സീൽ പാഡ് (വലുത്) | | |
| സീൽ ഇങ്ക്, മറ്റ് ചെലവുകൾ | - | 5000 രൂപ |
| **ആകെ** | | **10,000/- രൂപ** |

**അനുവദിക്കുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**

| ക്രമ നമ്പർ | ജില്ല | ഡിപ്പോകളുടെ എണ്ണം | ഡിപ്പോ ഉൾപ്പെടുന്ന ICDS പ്രോജക്റ്റ് | അനുവദിക്കുന്ന തുക |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 4 | നെയ്യാറ്റിൻകര | 10000 |
| | | | തിരുവനന്തപുരം അർബന് - 1 | 10000 |
| | | | നെടുമങ്ങാട് | 10000 |
| | | | ചിറയിൻകീഴ് | 10000 |
| 2 | കൊല്ലം | 4 | കൊല്ലം അർബന്-2 | 10000 |
| | | | കൊട്ടാരക്കര | 10000 |
| | | | പുനലൂർ | 10000 |
| | | | കരുനാഗപ്പള്ളി | 10000 |
| 3 | പത്തനംതിട്ട | 4 | പന്തളം | 10000 |
| | | | പറക്കോട് | 10000 |
| | | | പുളിക്കീഴ് | 10000 |
| | | | റാന്നി | 10000 |
| 4 | ആലപ്പുഴ | 5 | മാവേലിക്കര | 10000 |
| | | | ഹരിപ്പാട് | 10000 |
| | | | ചെങ്ങന്നൂർ | 10000 |
| | | | ആലപ്പുഴ അർബന് | 10000 |
| | | | അമ്പലപ്പുഴ | 10000 |
| 5 | കോട്ടയം | 5 | പള്ളം | 10000 |
| | | | കാഞ്ഞിരപ്പള്ളി | 10000 |
| | | | ളാലം | 10000 |
| | | | വൈക്കം | 10000 |
| | | | മാടപ്പള്ളി അഡീഷണൽ | 10000 |
| 6 | ഇടുക്കി | 3 | തൊടുപുഴ | 10000 |
| | | | നെടുങ്കണ്ടം | 10000 |
| | | | ദേവികുളം അഡീഷണൽ | 10000 |
| 7 | എറണാകുളം | 5 | മുവാറ്റുപുഴ | 10000 |
| | | | കൊച്ചി അർബന്-2 | 10000 |
| | | | കൊച്ചി അർബന്-1 | 10000 |

| | | | | |
|---|---|---|---|---|
| | | | നോർത്ത് പറവൂര് | 10000 |
| | | | കുവപ്പടി | 10000 |
| 8 | തൃശ്ശൂർ | 4 | ചാലക്കുടി | 10000 |
| | | | ചാവക്കാട് | 10000 |
| | | | വടക്കാഞ്ചേരി | 10000 |
| | | | പുഴയ്ക്കൽ അഡീഷണല് | 10000 |
| 9 | പാലക്കാട് | 4 | ആലത്തൂർ | 10000 |
| | | | പാലക്കാട് | 10000 |
| | | | ഒറ്റപ്പാലം | 10000 |
| | | | മണ്ണാർക്കാട് | 10000 |
| 10 | മലപ്പുറം | 6 | തിരൂർ | 10000 |
| | | | തിരൂരങ്ങാടി | 10000 |
| | | | പെരിന്തൽമണ്ണ | 10000 |
| | | | പൊന്നാനി അഡീഷണൽ | 10000 |
| | | | നിലമ്പൂർ | 10000 |
| | | | മലപ്പുറം അർബൻ | 10000 |
| 11 | കോഴിക്കോട് | 4 | കോഴിക്കോട് അർബന്-1 | 10000 |
| | | | കൊടുവള്ളി | 10000 |
| | | | കൊയിലാണ്ടി | 10000 |
| | | | വടകര അർബന് | 10000 |
| 12 | വയനാട് | 3 | കൽപ്പറ്റ | 10000 |
| | | | സുൽത്താന് ബത്തേരി | 10000 |
| | | | മാനന്തവാടി | 10000 |
| 13 | കണ്ണൂർ | 3 | തലശ്ശേരി | 10000 |
| | | | കണ്ണൂർ അർബന് | 10000 |
| | | | തളിപ്പറമ്പ് | 10000 |
| 14 | കാസർഗോഡ് | 2 | കാസർഗോഡ് | 10000 |
| | | | കാഞ്ഞങ്ങാട് | 10000 |
| | **ആകെ** | **56** | | 560000 |

**(ആകെ അഞ്ച് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)**

ഒരു ജില്ലയിലെ ഡിപ്പോയുടെ എണ്ണമനുസരിച്ച് 560000/-(ആകെ അഞ്ചു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപ ജില്ലാ വനിതാ ശിശു വികസന ആഫീസർമാർക്ക് BAMS പ്രകാരം മുകളിൽപ്രതിപാദിച്ചിരിക്കുന്ന പട്ടിക പ്രകാരം അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു

ഇതിന് ആവശ്യമായ ചെലവുകൾ നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-56 (p) എന്ന ശീർഷകത്തിൽനിന്നും വിനിയോഗിക്കേണ്ടതാണ്.

ജില്ലാ വനിതാ ശിശു വികസന ആഫീസർമാര് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ആഫീസർമാർക്ക് ടി തുക അടിയന്തിരമായി അനുവദിച്ച് നൽകേണ്ടതാണ്

സീലിംഗ് പ്രവർത്തികള് അവസാനിച്ചതിനുശേഷം ടി തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് സിഡിപിഒ മാരിൽനിന്നും ശേഖരിച്ച് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടര്

എല്ലാ ജില്ലാ ഓഫീസർമാർക്കും

**പകർപ്പ്:**

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ സിഡിപിഒമാർക്കും
3. സൂപ്രണ്ട്, എ സെക്ഷൻ
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

**ഉത്തരവിൻപ്രകാരം**

**സൂപ്രണ്ട്**